പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1464 — 13.06.2014 ലെ മറുപടിയ്ക്ക്

## പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് കൃഷിവകുപ്പിന്റെ പ്രവർത്തനങ്ങൾ

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. എ. എ. അസീസ് | | ശ്രീ. കെ.പി. മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും, അച്ചടിയും, സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) | ലോക പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് കാർഷിക മേഖലയിൽ എന്തൊക്കെ പ്രവർത്തനങ്ങളാണ് നടത്തുന്നത്; | (എ) ലോക പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് കാർഷിക മേഖലയിൽ പ്രത്യേക പ്രവർത്തനങ്ങളൊന്നും നടത്തിയിട്ടില്ല. |
| (ബി) | പരിസ്ഥിതിയുടെ സന്തുലനാവസ്ഥയിൽ കൃഷി വ്യാപനം കാര്യമായ ഗുണം ചെയ്യുമെന്നതിനാൽ പുതിയ പദ്ധതികൾ ഏറ്റെടുത്ത് ആസൂത്രണം ചെയ്യാൻ തയ്യാറാകുമോ എന്ന് വ്യക്തമാക്കുമോ? | (ബി) പരിസ്ഥിതിയുടെ സന്തുലനാവസ്ഥയ്ക്ക് കോട്ടം തട്ടാത്ത രീതിയിലുള്ള കാർഷിക പ്രവർത്തനങ്ങൾക്കാണ് കൃഷി വകുപ്പ് മുൻതൂക്കം നൽകി വരുന്നത്. ഇതിനായി മിഷൻ 676-ൽ ഉൾപ്പെടുത്തി ജൈവകൃഷി പ്രോത്സാഹനത്തിന് പ്രത്യേക പദ്ധതി വിഭാവനം ചെയ്തിട്ടുണ്ട്. കേരളത്തെ ജൈവ സംസ്ഥാനമായി പ്രഖ്യാപിക്കുന്നതിന്റെ ഭാഗമായി കാസറഗോഡ് ജില്ലയെ ജൈവ ജില്ലയായി പ്രഖ്യാപിക്കുകയും അതിനുതകുന്ന പദ്ധതികൾ നടപ്പിലാക്കി വരികയും ചെയ്യുന്നു. തുടർന്ന് ഇടുക്കി, വയനാട് ജില്ലകളിലേയ്ക്കും ജൈവകൃഷി വ്യാപിപ്പിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ ആയിട്ടുണ്ട്. 2014-15 സാമ്പത്തിക വർഷം 4 ജില്ലകളിൽ കൂടിയും 2016 മാർച്ച് മാസത്തോടുകൂടി മറ്റ് ജില്ലകളിലും പദ്ധതി നടപ്പിലാക്കുന്നതിനും ലക്ഷ്യമിടുന്നു.<br>ഇപ്രകാരം അമിതമായ രാസവസ്തുക്കളുടെ പ്രയോഗത്തിലൂടെ പ്രകൃതിയ്ക്കുണ്ടായ കോട്ടങ്ങൾ പരിഹരിച്ച് പരിസ്ഥിതി സന്തുലനാവസ്ഥ വീണ്ടെടുക്കുന്നതിനുള്ള ശ്രമങ്ങൾ കൃഷി വകുപ്പിന്റെ ഭാഗത്തു നിന്നും ആരംഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ